(ഇ) വൃതികമ്മിണികളോ കമ്പൌണ്ടർമാരോ ഇപ്പോൾ അവിടെ ആരെങ്കിലും താമസിക്കുന്നുണ്ടോ;

(എഫ്) സ്ത്രീകമ്പൌണ്ടർമാർക്കും സൂതികർമ്മിണികൾക്കും താമസിപ്പാൻ വല്ല സൌകര്യവും എറണാകുളം ആസ്പത്രിക്കടുത്തു് ഗവർമ്മെണ്ടിൽനിന്നു ചെയ്തുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു :—

(എ) ഇരുപത് നെഴ്സുമാർക്ക് താമസിപ്പാൻ സൌകര്യമുണ്ട്.

(ബി) ഇപ്പോൾ അവിടെ ര ൪ പേർ താമസമുണ്ട്.

(സി) ഇല്ല.

(ഡി) സാധാരണയായി നെഴ്സസ് ക്വാർട്ടേഴ്സിൽ മറ്റു ജോലിക്കാർ താമസിക്കുന്നതിൽ വിരോധമുണ്ട്.

(ഇ) ഇപ്പോൾ അവിടെ രണ്ടു സ്ത്രീകമ്പൌണ്ടരും രണ്ടു സൂതികർമ്മിണിയും താമസിക്കുന്നുണ്ട്.

(എഫ്) ഇല്ല. പക്ഷെ അവിടെ മതി കെട്ടിടം തല്ക്കാലം ഒഴിവുള്ളതിനാൽ അവിടെ താമസിപ്പാൻ അനുവദിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ് പണിക്കർ: ൨ ൦ പേർക്കു മാത്രം താമസിക്കുവാൻ സൌകര്യമുള്ള കെട്ടിടത്തിൽ ര ൪ പേർ താമസിക്കുന്നതു് എങ്ങിനെയാണ്.

മിസ്റ്റർ സി. ജെ. മാത്യു: ഓരോ മുറിയിലും രണ്ടുപേർ മൂന്നുപേർ ചേർന്നാണ് താമസിക്കുന്നതു്. വേറെ മതി കെട്ടിടം കൂടിയുണ്ട്. അതിനു ൨ ൪ പേർക്കു താമസിക്കുവാനുള്ള സൌകര്യമുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: താമസിക്കുവാൻ സൌകര്യമില്ലാത്തവർക്കുകൂടി അവിടെ താമസിക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: നെഴ്സസ് ക്വാർട്ടേഴ്സിൽ മറ്റു ജോലിക്കാരെ താമസിപ്പിക്കുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ സ്ത്രീ കമ്പൌണ്ടേഴ്സ് അവിടെ താമസിക്കുന്നില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: മതി സ്ത്രീ കമ്പൌണ്ടർ താമസിക്കുന്നുണ്ട്. അവർ എട്ടു പത്തു കൊല്ലമായി അവിടെ താമസിച്ചു വരികയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്ത്രീ കമ്പൌണ്ടർമാർ വേറെയുണ്ടെങ്കിൽ അവിടെ താമസിപ്പിക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ സി. ജെ മാത്യു: അവർക്കു താമസിക്കുവാൻ സൌകര്യമായ കെട്ടിടം ആസ്പത്രിക്കു സമീപം തന്നെയുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: നെഴ്സസ് ക്വാർട്ടേഴ്സ് പുനിസിപ്പാലിറ്റിക്കു തൊട്ടു തെക്കു ഭാഗത്തുള്ള പുതിയ കെട്ടിടമാണോ?

മിസ്റ്റർ സി. ജെ. മാത്യു: നെഴ്സസ് ക്വാർട്ടേഴ്സ് പഴയ കെട്ടിടം തന്നെയാണ്.

AYYAMPILLI HOSPITAL

136. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ൧൯൩൭, ൧൯൩൮, ൧൯൩൯, ൧൯൪൦ ഈ കൊല്ലങ്ങളിൽ എത്ര രോഗികൾ അയ്യമ്പിള്ളി ഡിസ്പെൻസറിയിൽനിന്നു വൈദ്യസഹായം നേടിയിട്ടുണ്ട്;

(ബി) ഈ ഡിസ്പെൻസറിയിൽനിന്നു പുറമുള്ള ആശുപത്രികളിലേക്ക് എത്ര ദൂരം വരും;

(സി) വർഷകാലങ്ങളിൽ രോഗികളെ പ്രസ്തുത ആശുപത്രികളിലേക്കു കൊണ്ടുപോകുക ദുഷ്കരമാണെന്നുള്ള വസ്തുത ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ ഡിസ്പെൻസറിയിൽ ഇപ്പോൾ എത്ര ബെഡ്ഡുകളാണുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ജെ. മാത്യു:

		In-door	*Out-door*
(എ)	൧൧൧൭	൧൭൩	൨൫, ൫൭൩
	൧൧൧൭	൨൩൨	൨൭, ൨൩൧
	൧൧൧൯	൩൦൩	൨൯, ൩൧൯
	൧൧൨൦	൫൪൪	൨൭, ൩൫൩

(൧൧൨൦ കർക്കടകം ൯-ാംതീ- വരെ).

(ബി) അയ്യമ്പിള്ളിയിൽനിന്നു ഞാറക്കലേക്കു് ൫ നാഴിക, കൊട്ടുള്ളിക്കു് ൯ നാഴിക, എറണാകുളത്തേക്കു് ൧൫ നാഴിക.

(സി) ഇല്ല.

(ഡി) ൫ (നാലു്).

മിസ്റ്റർ എം. കെ. വറുഗീസ്: ഈ ഡിസ്പെൻസറിയിൽ കൂടുതൽ മെഡിസ്സുകൾ വേണമെന്നാവശ്യപ്പെട്ടാൽ കൊടുക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു: ഗവർമെണ്ടിലേക്കു് ഡിസ്പെൻസറിയിൽ നിന്നു് റിപ്പോർട്ട് ചെയ്തിട്ടുണ്ടു്. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ എം. കെ. വറുഗീസ്: വരുന്ന കൊല്ലത്തിൽതന്നെ കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. ജെ. മാത്യു: നോക്കാം.

മിസ്റ്റർ മുഹമ്മദ് അഷ്റഫ്: ആ റിപ്പോർട്ടു് അയച്ചതു് എന്നാണു്?

മിസ്റ്റർ സി. ജെ. മാത്യു: ഈ കൊല്ലത്തിലാണു്.

മിസ്റ്റർ പി. കെ. ഡീവർ: ആശുപത്രികളെ അഭയം പ്രാപിക്കുന്ന രോഗികളെ കിടത്തി കൊണ്ടുവരുവാൻ ആമ്പുലൻസു് ഏർപ്പാടു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എപ്പോഴെങ്കിലും ഈ ഏർപ്പാടു ചെയ്തു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: പലപ്പോഴും ചെയ്തു കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഏർപ്പാടു തുടങ്ങിട്ടു് എത്ര കാലമായി?

മിസ്റ്റർ സി. ജെ. മാത്യു: കുറെക്കാലമായി.

മിസ്റ്റർ എം. ഐ. പോൾ: ഇപ്പോൾതന്നെ ബഡ്ഡറിൽ വലിയൊരു തുക ബാക്കിയുണ്ടു്. അതു് ഉപയോഗിച്ചു് ഈ ആവശ്യം നടത്തിക്കൊടുത്തുകൂടേ?

മിസ്റ്റർ സി. ജെ. മാത്യു: അതു് ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. അതിനെപ്പറ്റി ആലോചിക്കാം.

COPYIST—CIVIL COURT

137. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടുസേവയം മറുപടി പറയുമോ.—

(എ) സിവിൽ കോടതികളിൽ ഇപ്പോൾ ആകെ എത്ര പകർപ്പുദ്യോഗസ്ഥന്മാരുണ്ടു്;

(ബി) അവർ ഓരോരുത്തരും എന്നാണു നിയമിതരായതു്, ഓരോരുത്തരുടേയും പരീക്ഷയോഗ്യത, ഇതുകൾ എന്തെല്ലാം;

(സി) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളമെന്തു,

(ഡി) ക്രിമിനൽ കോടതികളിൽ ആകെ എത്ര പകർപ്പുദ്യോഗസ്ഥന്മാരുണ്ടു്;

(ഇ) അവർ ഓരോരുത്തരും എന്നാണു് നിയമിതരായതു്, ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(എഫു്) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളം എത്തു്?

മിസ്റ്റർ കെ. എസ്സു്. രാഘവൻ:

(എ) നാല പേരുണ്ടു്.

(ബി) വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളം ൨൦ ക. ആകുന്നു.

(ഡി) നാല പേരുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly